# ഒരു ഇടതുപക്ഷ സഹയാത്രികന്റെ പൊയ്‌വെടികൾ

പ്രതികരണം ● **റഹ്മാൻ മധുരക്കുഴി**

> **ജമാഅത്തിന്റെ 'രാഷ്ട്രീയ ഇസ്‌ലാമി'ന് ബദലായി രംഗത്തുവന്നതാണ് 'രാഷ്ട്രീയ ഹിന്ദുത്വം' എന്നവാദം വസ്തുതാപരമായി പരമാബദ്ധമാണ്. ജമാഅത്തെ ഇസ്‌ലാമി രൂപീകരണത്തിന് എത്രയോ വർഷം മുമ്പു തന്നെ നിലവിൽവന്നിട്ടുണ്ട് ലേഖകൻ രാഷ്ട്രീയ ഹിന്ദുത്വം എന്ന് വിശേഷിപ്പിക്കുന്ന ജനസംഘം, ആർ.എസ്.എസ് തുടങ്ങിയ സംഘടനകൾ. ജമാഅത്തെ ഇസ്‌ലാമി രംഗത്തു വന്നിരുന്നില്ലെങ്കിൽ പോലും പ്രസ്തുത ഫാഷിസ്റ്റ് സംഘടനകൾ നിലവിൽ വരുമായിരുന്നു. മുസ്‌ലിംകളെയും ക്രിസ്ത്യാനികളെയും ഒന്നും രണ്ടും ശത്രുക്കളായി പ്രഖ്യാപിച്ച ഗോൾവാൾക്കറുടെ *വിചാരധാര*യിൽനിന്ന് പ്രചോദനമുൾക്കൊണ്ട് രംഗത്തുവന്ന ഹിന്ദുവർഗീയ സംഘടനകളെ സംബന്ധിച്ചേടത്തോളം അവയുടെ ജന്മത്തിനും അസ്തിത്വത്തിനും നിമിത്തം ഇസ്‌ലാം – ക്രൈസ്തവ ദർശനങ്ങളോടുള്ള അസഹിഷ്ണുതയാണ്.**

**ഇസ്‌ലാമിക** പ്രസ്ഥാനത്തെ ഇടയ്ക്കിടെ പഴിപറഞ്ഞ് സുഖിക്കുന്നത് ഹോബിയാക്കിയിരിക്കുകയാണ് ചില ആനുകാലികങ്ങളും ചാനലുകളും. ചിലയാളുകളെ അഭിമുഖങ്ങൾക്കായി തേടിപ്പിടിക്കുകയും തങ്ങളുദ്ദേശിക്കുന്ന വിധത്തിലുള്ള പ്രതികരണങ്ങൾ അവരിൽനിന്ന് സംഘടിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

മുകളിൽ പറഞ്ഞതിന് തെളിവാണ് മാധ്യമ പ്രവർത്തകൻ ഒ. അബ്ദുല്ലയുടെ അനുഭവം. അദ്ദേഹം എഴുതുന്നു: "ഞാൻ ചെറിയതോതിലൊരു പ്രസ് റിലീസ് ഇറക്കി. ഒട്ടുമിക്ക ചാനലുകളും പത്രക്കാരും വന്നു ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് എതിർത്തെന്തെങ്കിലും പറയാൻ ആവുന്നത് ശ്രമിച്ചെങ്കിലും അതിനൊന്നും ഞാൻ വഴങ്ങിയില്ല. കൈരളി ചാനൽ പ്രവർത്തകർ ഞാനുമായി അഭിമുഖം നടത്തിയെങ്കിലും അതിൽ ജമാഅത്ത് വിമർശനമില്ലാത്തതിനാൽ അവർ ആ അഭിമുഖം കൊടുക്കാൻ വിസമ്മതിച്ചു" (*തേജസ്* ദിനപത്രം 11-01-09).

'ഈത്തപ്പഴത്തിന്റെ ഉപമ' എന്ന ശീർഷകത്തിൽ *മംഗളം* ദിനപത്രത്തിലെ കോളമിസ്റ്റും ഇടതുപക്ഷ സഹയാത്രികനുമായ പി. സുരേന്ദ്രൻ, അപരനെ ശത്രുവായി നിർവചിക്കുകവഴി മതമൗലികവാദം അനന്തമായ ക്ഷോഭത്തിന്റെയും അപരിഹാര്യമായ വെറുപ്പിന്റെയും പണിപ്പുരയായി മാറുന്നുവെന്ന് സുധീർ കാക്കർ നിരീക്ഷിക്കുന്നതായി ഉദ്ധരിച്ചുകൊണ്ട് എഴുതുന്നു: "അപരനോടുള്ള വെറുപ്പിലൂടെയും സായുധിയിലൂടെയും തന്നെ സ്വന്തം മതത്തിന്റെ അധികാര ഘടന രൂപപ്പെട്ടുവരണമെന്ന് ശഠിച്ച അബുൽ അഅ്‌ലാ മൗദൂദിയുടെയും സയ്യിദ് ഖുതുബിന്റെയും പ്രസ്ഥാനങ്ങൾ പാലിലും പഴത്തിലും വരെ മതം ദർശിച്ചവരാണ്. പഴങ്ങളെ പോലും മതപരമായി വർഗീകരിക്കുന്ന ഭീകരവാദത്തിന്റെ തീവ്രസഞ്ചാരങ്ങൾക്ക് ആവശ്യമായ വായ്ക്കരിയായി സ്വന്തം ആശയങ്ങൾ മാറണമെന്നാണ് അവർ ശഠിച്ചത്. ഖുതുബ് ഉണ്ടാക്കിയ പ്രസ്ഥാനത്തിന്റെ പേര് മുസ്‌ലിം ബ്രദർഹുഡ്സ് എന്നാണ്. ഹ്യൂമൻ ബ്രദർഹുഡ്സ് എന്നല്ല. സായുധ പോരാട്ടത്തെ ഇവർ ആദർശവൽക്കരിക്കുകയും ചെയ്തു. അവരുടെ ആശയങ്ങളാണ് ഇപ്പോൾ എ.കെ 47 തോക്കിൽനിന്ന് പൂവിൽപനക്കാരന്റെയും പഴം വിൽപനക്കാരന്റെയും നെഞ്ചിലേക്ക് വെടിയുണ്ടയായി തുളച്ചുകയറുന്നത്" (*മംഗളം* 15.01.09).

ഇസ്‌ലാമിക വിശ്വാസ പ്രമാണങ്ങൾ ഉയർത്തിപ്പിടിക്കുന്ന മാനവിക സാഹോദര്യത്തിന്റെയും ആത്മീയതയുടെയും മഹിത പാരമ്പര്യത്തിന്റെ പുനരുജ്ജീവനത്തിന് വേണ്ടി യത്നിക്കുന്നവരാണ് ഖുത്വുബിന്റെയും മൗദൂദിയുടെയും പ്രസ്ഥാനങ്ങൾ. സാമുദായിക പക്ഷപാതിത്വത്തിന്റെയോ സങ്കുചിത വിഭാഗീയതയുടെയോ പതാകവാഹകരായിരുന്നില്ല അവരൊരിക്കലും. അപരനോടുള്ള വെറുപ്പും വിദ്വേഷവും തങ്ങൾ നെഞ്ചിലേറ്റിയ പ്രത്യയശാസ്ത്രത്തിന് കടകവിരുദ്ധമാകയാൽ മാനവികതയുടെ സ്നേഹസാഹോദര്യ മൂല്യങ്ങൾ പൂത്തുലയുന്ന സമൂഹസൃഷ്ടിയായിരുന്നു അവർ ലക്ഷ്യംവെച്ചത്. ഇപ്പറഞ്ഞതിന് വിരുദ്ധമായി അവരുടെ പ്രവർത്തന ചരിത്രത്തിൽനിന്നോ സാഹിത്യ സൃഷ്ടികളിൽനിന്നോ ഒറ്റ ഉദാഹരണം പോലും ചൂണ്ടികാണിക്കാൻ ഒരു സുരേന്ദ്രനും സാധ്യമല്ല.

*മംഗളം* കോളമിസ്റ്റ് ആരോപിക്കുന്നതാണ് യാഥാർഥ്യമെങ്കിൽ ഖുത്വുബും മൗദൂദിയും രൂപംകൊടുത്ത പ്രസ്ഥാനങ്ങൾ മുസ്‌ലിം രാഷ്ട്രങ്ങളിൽ സജീവമായിട്ടും അവിടങ്ങളിലെ അന്യമതസ്ഥർക്കെതിരെ വാളെടുക്കുന്ന ആസുര സംഘങ്ങളായി അവർ മാറുമായിരുന്നു. മറിച്ച് സാമ്രാജ്യത്വത്തിന്റെ ചട്ടുകങ്ങളായിമാറി സ്വ

ന്തം പൗരന്മാരെ അടിച്ചമർത്തുകയും അവർക്ക് നീതി നിഷേധിക്കുകയും ചെയ്യുന്ന അക്രമികളും അധികാരമോഹികളുമായ മുസ്‌ലിം ഭരണാധികാരികൾക്കെതിരെ ധർമസമരം ചെയ്യുന്ന വിമോചന പോരാളികളായാണ് അവരെ ലോകം കാണുന്നത്. 'സായുധ പോരാട്ടത്തെ ഇവർ ആദർശവൽക്കരിക്കുന്നു'വെന്നാണ് ലേഖകന്റെ പരാതി. 'അക്രമിയായ ഭരണാധികാരിയുടെ മുമ്പിൽ സത്യം തുറന്നു പറയുന്നതാണ് ഏറ്റവും വലിയ ജിഹാദ് എന്ന ഇസ്‌ലമികാധ്യാപനമാണ് അവർക്കാവേശം നൽകുന്നത്. സാമ്രാജ്യത്വ അധിനിവേശങ്ങൾക്ക് തങ്ങളുടെ സഹോദരന്മാരെ എറിഞ്ഞുകൊടുക്കുന്ന ഭരണകൂടഭീകരതക്ക് മുന്നിൽ നിസ്സംഗരായി നിൽക്കുന്നത് ഭീരുത്വമാണെന്ന് ഉറച്ചുവിശ്വസിക്കുന്ന ഖുത്വുബിന്റെ ബ്രദർഹുഡ്ഡുകാർ ലബനാനിലെ ഹിസ്ബുല്ലയും ഫലസ്തീനിലെ ഹമാസും ഇറാഖ്, അഫ്ഗാനിസ്താൻ തുടങ്ങി ഒട്ടേറെ രാഷ്ട്രങ്ങളിലെ വിമോചന പോരാളികളും അക്രമികളായ ഭരണാധികാരികൾക്കും അവരെ ആളും അർഥവും നൽകി പിന്തുണക്കുന്ന ദുഷ്ടസാമ്രാജ്യത്വത്തിനും എതിരെ പ്രതിരോധ സമരത്തിൽ മുഴുകിയിട്ടുണ്ടെങ്കിൽ സാമ്രാജ്യത്വത്തോടും അനീതിയോടും പ്രതിഷേധമുള്ള ആർക്കാണ് അവരെ പഴിപറയാനാവുക!

സുരേന്ദ്രൻ ആരോപിക്കുന്നതുപോലെ, സ്വന്തം ആശയങ്ങൾ ഭീകരവാദത്തിന്റെ തീവ്രസഞ്ചാരങ്ങൾക്ക് ആവശ്യമായ വായ്ക്കരിയായി മാറണമെന്ന് ഖുത്വുബും മൗദൂദിയും ശഠിച്ചിട്ടും അവരിരുവരും രൂപംകൊടുത്ത പ്രസ്ഥാനങ്ങളിൽ അണിനിരന്നവർ എന്തേ ഭീകരപ്രവർത്തനങ്ങളുടെ തീവ്രസഞ്ചാരികളാകാതിരുന്നത്? എന്തുകൊണ്ട് ഈ പ്രസ്ഥാനങ്ങൾ അന്യമതവിദ്വേഷത്തിന്റെ ത്രിശൂലമേന്തി സമൂഹത്തിൽ സംഘർഷവും രക്തക്കളവും സൃഷ്ടിക്കുന്ന ഭീകരദൃശ്യം ലോകത്തിന് കാണാൻ കഴിയാത്തത്? മുസ്‌ലിം ബ്രദർഹുഡ്ഡിനെ പോലെ അബുൽഅഅ്‌ലാ മൗദൂദി രൂപീകരിച്ച ജമാഅത്തെ ഇസ്‌ലാമിയും പാകിസ്താനിലോ ബംഗ്ലാദേശിലോ ശ്രീലങ്കയിലോ ഇന്ത്യയിലോ എവിടെ ആയിരുന്നാലും സാമൂഹിക നീതിക്കുവേണ്ടി ജനാധിപത്യ മാർഗത്തിലൂടെ പോരാടുന്ന പ്രസ്ഥാനങ്ങൾ എന്ന നിലയിൽ തന്നെയാണ് എഴുന്നേറ്റുനിൽക്കുന്നത്.

മൗദൂദി രൂപംകൊടുത്ത ജമാഅത്തെ ഇസ്‌ലാമി അരനൂറ്റാണ്ടിലേറെ കാലമായി ജാതിമത വിവേചനങ്ങൾക്കതീതമായി ഇന്ത്യൻ ജനതയുടെ ധാർമിക പുനരുത്ഥാനത്തിനുവേണ്ടി തീവ്രയത്നം നടത്തുന്നു. വ്യത്യസ്ത വിഭാഗങ്ങൾക്കിടയിൽ സംഘർഷത്തിനിടയാക്കുന്ന യാതൊരു പ്രവർത്തനങ്ങളിലും ഏർപ്പെടുകയില്ലെന്ന് അസന്ദിഗ്ധമായി പ്രഖ്യാപിച്ചുകൊണ്ട്, സ്നേഹസംഗമങ്ങളും സൗഹൃദവേദികളും സംഘടിപ്പിച്ചുകൊണ്ട് മതസൗഹൃദ സംസ്ഥാപനത്തിനായി യത്നിക്കുന്നു. വർഗീയകലാപം, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ വിപത്തുകൾക്കിരയാവുന്നവർക്ക് മതപരിഗണനകൾക്കതീതമായി ദുരിതാശ്വാസമെത്തിക്കുന്നു. മാനവികമായ ഈ കാഴ്ചപ്പാടോടെയുള്ള അതിന്റെ പ്രവർത്തനശൈലി രാഷ്ട്രപിതാവിന്റെ പ്രശംസക്ക് പാത്രമാവുകയുണ്ടായി. അപരനോടുള്ള വെറുപ്പിന്റെ തത്ത്വശാസ്ത്രമാണ് ജമാഅത്ത് അതിന്റെ അനുയായികളെ പഠിപ്പിക്കുന്നതെങ്കിൽ, സ്വാതന്ത്ര്യാനന്തര ഇന്ത്യകണ്ട ആയിരക്കണക്കിൽ വർഗീയ ലഹളകളിലൊന്നിൽ പോലും ജമാഅത്തിന്റെ ഏതെങ്കിലുമൊരു പ്രവർത്തകന് പങ്കില്ലാതെ വന്ന അത്ഭുതം സംഭവിക്കുമായിരുന്നോ? പങ്കില്ലെന്നു മാത്രമല്ല, ഏറെകാലമായി ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനത്തെക്കുറിച്ച് അത്തരമൊരു ആരോപണം പോലും ഉയർന്നു വരാതിരുന്നത് എന്തുകൊണ്ടാണെന്ന് ജമാഅത്തിന് നേരെ തീവ്രവാദം ആരോപിക്കുന്നവർ എന്തേ വിശദീകരിച്ചു കണ്ടില്ല?

ജമാഅത്തെ ഇസ്‌ലാമിയും മറ്റും പ്രതിനിധാനം ചെയ്യുന്ന "രാഷ്ട്രീയ ഇസ്‌ലാമിന് ബദലായി വളരുന്ന രാഷ്ട്രീയ ഹിന്ദുത്വത്തിന്റെ സായുധ പ്രഖ്യാപനത്തിലൂടെയാണ് മുസൽമാനെ ബോംബുവെച്ചു കൊല്ലാൻ പോകുന്ന കാവിയണിഞ്ഞ സന്യാസിനിയും ഉണ്ടാവുന്നത്" എന്ന സുരേന്ദ്ര വാദം അസംബന്ധമാണ്. ജമാഅത്തിന്റെ 'രാഷ്ട്രീയ ഇസ്‌ലാമി'ന് (?) ബദലായി രംഗത്തുവന്നതാണ് രാഷ്ട്രീയ ഹിന്ദുത്വം എന്നവാദം വസ്തുതാപരമായി പരമാബദ്ധമാണ്. ജമാഅത്തെ ഇസ്‌ലാമി രൂപീകരണത്തിന് എത്രയോ വർഷം മുമ്പ് തന്നെ നിലവിൽവന്നിട്ടുണ്ട് ലേഖകൻ രാഷ്ട്രീയ ഹിന്ദുത്വം എന്ന് വിശേഷിപ്പിക്കുന്ന ജനസംഘം, ആർ.എസ്.എസ് തുടങ്ങിയ സംഘടനകൾ. ജമാഅത്തെ ഇസ്‌ലാമി രംഗത്തു വന്നിരുന്നില്ലെങ്കിൽ പോലും പ്രസ്തുത ഫാഷിസ്റ്റ് സംഘടനകൾ നിലവിൽ വരുമായിരുന്നു. മുസ്‌ലിംകളെയും ക്രിസ്ത്യാനികളെയും ഒന്നും രണ്ടും ശത്രുക്കളായി പ്രഖ്യാപിച്ച ഗോൾവാൾക്കറുടെ *വിചാരധാര*യിൽനിന്ന് പ്രചോദനമുൾക്കൊണ്ട് രംഗത്തുവന്ന ഹിന്ദു വർഗീയ സംഘടനകളെ സംബന്ധിച്ചേടത്തോളം അവയുടെ ജന്മത്തിനും അസ്തിത്വത്തിനും നിമിത്തം ജമാഅത്തല്ല; പ്രത്യുത ഇസ്‌ലാം-ക്രൈസ്തവ ദർശനങ്ങളോടുള്ള അസഹിഷ്ണുതയാണ്. വൈദേശിക മതങ്ങൾ ഭാരതാംബയുടെ കണ്ണിലെ കരടുകളാണെന്ന അവരുടെ പ്രഖ്യാപനവും തജ്ജന്യമായ മതന്യൂനപക്ഷങ്ങൾക്ക് നേരെയുള്ള വംശഹത്യാനടപടികളും ഈ യാഥാർഥ്യമാണ് വിളിച്ചോതുന്നത്.

"സയ്യിദ് ഖുതുബ് ഉണ്ടാക്കിയ പ്രസ്ഥാനം മുസ്‌ലിം ബ്രദർഹുഡ്ഡാണ്; ഹ്യൂമൻ ബ്രദർ ഹുഡ്ഡല്ല" എന്നാണ് സുരേന്ദ്രന്റെ മറ്റൊരാരോപണം. ഒരു പ്രസ്ഥാനത്തിന്റെ നാമധേയമാണ് അതിന്റെ വർഗീയതക്കുള്ള തെളിവെങ്കിൽ, വിഭാഗീയ ചുവയില്ലാത്ത പേരുകളിൽ അറിയപ്പെടുന്ന 'രാഷ്ട്രീയ സ്വയം സേവാ സംഘ്'ങ്ങളും 'ഭാരതീയ ജനതാ പാർട്ടികളും' 'അഭിനവ് ഭാരതു'മെല്ലാം അന്യമത വിദ്വേഷത്തിന്റെ ത്രിശൂല വാഹകരും വംശഹത്യാ കാപാലികരുമായി മാറിയതിന്റെ വിശദീകരണമെന്താണ്?

'ഞങ്ങളിലില്ല മുസ്‌ലിം രക്തം, ഞങ്ങളിലില്ല ഹൈന്ദവരക്തം, ഞങ്ങളിലുള്ളത് മാനവരക്തം' എന്ന് നീട്ടിപ്പാടിയ 'മാനവിക പ്രസ്ഥാനങ്ങൾ' ജാതി-മത-വിഭാഗീയതകളുടെ ദൂഷിത വലയത്തിൽ അകപ്പെട്ടു പോയതെന്തേ?

"മുസ്‌ലിം ബ്രദർഹുഡ്ഡിൽ ഹ്യൂമൻ ബ്രദർഹുഡ്ഡില്ലാത്തതിൽ പ്രതിഷേധിക്കുന്ന സുരേന്ദ്രന് എൻ.എസ്.എസിനെക്കുറിച്ച് പറയുമ്പോൾ വെള്ളാപ്പള്ളി നടേശന് മാത്രമല്ല; പിണറായി വിജയനും ജാതി കോംപ്ലക്സ് നൽകുന്ന വീര്യം കഴിക്കേണ്ടി വരുന്നു" എന്ന് പരിതപിക്കേണ്ടി വന്നതെന്തേ? ഏറ്റവും വലിയ 'വിപ്ലവ-പുരോഗമന പാർട്ടി'യായ കമ്യൂണിസ്റ്റ് പാർട്ടിയിലെ വളർന്നു വരുന്ന ജാതീയതയെക്കുറിച്ച് 'ശേഷക്രിയ' എന്ന നോവലിൽ എം. സുകുമാരന് ചിത്രീകരിക്കേണ്ടി വന്നതിനെക്കുറിച്ച് എന്ത് പറയാനുണ്ട് ലേഖകന്? നായർ പ്രമാണിമാർ മാത്രമല്ല, മുസ്‌ലിം പ്രമാണിമാരും, ക്രിസ്ത്യൻ പ്രമാണിമാരും ഹരിജൻ പ്രമാണിമാരുമൊക്കെ വിപ്ലവ പാർട്ടികൾക്കകത്ത് പോലും വളരുന്നുവെന്ന് സുരേന്ദ്രൻ സങ്കടപ്പെടുമ്പോൾ മുസ്‌ലിം ബ്രദർഹുഡ്ഡിൽ ഹ്യൂമൻ ബ്രദർഹുഡ്ഡ് ഇല്ലെന്ന പരിദേവനത്തിന് വല്ല പ്രസക്തിയുമുണ്ടോ? ■